# Pre Board Examination 2, 2018-2019

## Malayalam

**Grade: 10** **Time: 3 Hours**

**Date: 31.1.2019** **Max. Marks: 80**

***The question paper is divided into four sections:***

| | | |
|---|---|---|
| *Section-A* | *Reading Comprehension* | *10 Marks* |
| *Section-B* | *Writing* | *16 Marks* |
| *Section-C* | *Grammar* | *17 Marks* |
| *Section-D* | *Literature/Text books* | *37 Marks* |

## എ വിഭാഗം

**I താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.**

**നവീനവിജ്ഞാനം തഴച്ചു പടർന്ന് ഭൗതികലോകത്തിന്റെ അന്തിമസീമകൾ വരെ പന്തലിച്ചു നിൽക്കുകയാണ്. ഈ അൽഭുത സംഭവം ഉണ്ടായ മൂന്നു നൂറ്റാണ്ടിനിടയ്ക്ക് സിഗ്മണ്ട് ഫ്രോയിഡ് എന്ന ഒരേ ഒരു പാശ്ചാത്യചിന്തകൻ മാത്രമേ മനുഷ്യന്റെ ആഭ്യന്തര ലോകത്തിലേയ്ക്ക് ഒരു ചെറിയ കൈത്തിരിയെങ്കിലും കാണിച്ചിട്ടുള്ളൂ. ലോകവിഖ്യാതനായ മനഃശാസ്ത്രജ്ഞനാണ് സിഗ്മണ്ട് ഫ്രോയിഡ്. മനസ്സിന് അബോധം എന്നൊരു വശമുണ്ടെന്ന് ആദ്യമായി സിദ്ധാന്തിച്ച വ്യക്തിയാണ് ഫ്രോയിഡ്. മാനസികാപഗ്രഥനം അഥവാ മനോവിശ്ലേഷണം എന്ന മനഃശാസ്ത്രശാഖയ്ക്ക് തുടക്കം കുറിച്ചത്അദ്ദേഹമാണ്. അദ്ദേഹം കണ്ണുകളഞ്ചുമടക്കിത്തെരുതെരെ വീണു വണങ്ങുന്നില്ല. അറിവും അതിന്റെ വിഷയവും ആത്മബോധവും തമ്മിലുള്ള ബന്ധമെന്തെന്നും അന്വേഷിക്കുന്നില്ല. സർവാന്തര്യാമിയായി വിളങ്ങുന്ന ആദിമഹസ്സിനേയും കാണുന്നില്ല. എന്നാലും മനുഷ്യൻ എന്നു പറയുന്ന ഈ വസ്തു എന്താണെന്നും , അതിന്റെ ഉള്ളിൽ പ്രവർത്തിക്കുന്ന പ്രേരകശക്തികൾ ഏതൊക്കെയാണെന്നും അന്വേഷിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ അപൂർണങ്ങളാണെന്നുള്ളത് വാസ്തവം തന്നെ. അവയെ മറ്റുള്ളവർ പരിഷ്കരിക്കുകയും അന്യഥാകരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ശാസ്ത്രം എന്നും വിജ്ഞാനമെന്നും തത്വജ്ഞാനമെന്നും ഒക്കെ പറയുന്ന പ്രക്രിയയിൽ മനുഷ്യൻ എന്ന ഘടകത്തിന് സർവ്വപ്രധാനമായ സ്ഥാനം ഉണ്ടെന്ന് ആധുനിക കാലത്ത് മറ്റാരെക്കാളും കൂടുതലായി മനസ്സിലാക്കുകയും തെളിയിക്കുവാൻ ശ്രമിക്കുകയും ചെയ്തത് അദ്ദേഹമാണ്.**

**ചോദ്യങ്ങൾ**

1. സിഗ്മണ്ട് ഫ്രോയിഡ് അന്വേഷിക്കുന്നതെന്ത് ? (2)
2. സിഗ്മണ്ട് ഫ്രോയിഡ് തെളിയിക്കുവാൻ ശ്രമിച്ചതെന്ത് ? (2)
3. ആരാണ് സിഗ്മണ്ട് ഫ്രോയിഡ് ?അദ്ദേഹം അവതരിപ്പിച്ച സിദ്ധാന്തമേത് ? (2)
4. നവീനവിജ്ഞാനത്തിന്റെ സ്ഥിതി എന്ത് ? (2)
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം കണ്ടെത്തുക (2)

# ബി.വിഭാഗം

**II a)** ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ട് പുറത്തിൽ കവിയാതെ ഉപന്യസിക്കുക (8)

1) മാതൃഭാഷ ജീവത്ഭാഷ 2) പരസ്യങ്ങളും യുവതലമുറയും 3) കലയും സംസ്കാരവും

**b)** കത്ത് തയാറാക്കുക (8)

നിങ്ങളുടെ പ്രദേശത്തുള്ള ഏതെങ്കിലും ഒരു പരിസ്ഥിതി പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പത്രാധിപർക്ക് ഒരു കത്ത് തയാറാക്കുക.

# സി വിഭാഗം

**III. a)** പ്രയോഗം മാറ്റുക (2 X 1 = 2)

1) യുധിഷ്ഠിരൻ അർജുനനെ അശ്വരക്ഷിതാവാക്കി.
2) ഭാര്യയാൽ വെള്ളായിയപ്പന് പൊതിച്ചോറ് നൽകപ്പെട്ടു

**b)** അംഗവാക്യം, അംഗിവാക്യം ഇവ വേർതിരിക്കുക (2 X 1 = 2)

1) അക്ഷന്തവ്യമായ കൃതഘ്നതയാണെങ്കിലും ആ അമ്മയ്ക്ക് മകനോട് വിദ്വേഷം ലേശം പോലും ഇല്ലായിരുന്നു.
2) ഞാനാ നിർദേശത്തെപ്പറ്റി ആലോചിച്ചു നോക്കിയെങ്കിലും എനിക്കത് സ്വീകാര്യമായി തോന്നിയില്ല.

**c)** പിരിച്ചെഴുതി സന്ധിനിർണ്ണയിക്കുക. (2 X 1 = 2)

1) ശതാബ്ദങ്ങൾ

2) പ്രേമാന്ധൻ

**d)** വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക (2 X 1 = 2)

1) ചവർക്കൂമ്പാരം

2) സുന്ദരദൃഷ്ടി

**e)** പര്യായപദങ്ങൾ എഴുതുക (2 X 1 = 2)

1) വീഥി
2) മയിൽ

**f)** നാനാർഥപദങ്ങൾ എഴുതുക (2 X 1 = 2)

1) പക്ഷം

2) അന്നം

**g)** വാക്യത്തിൽ തെററുണ്ടെങ്കിൽ തിരുത്തുക **(2 X 1 = 2)**

1) ജീവിതത്തിൽ ഏറ്റവും വിഷമമേറിയ ഒരു സന്ദർഭമാണ് കഥാകൃത്ത് തരണം ചെയ്തത്
2) അമ്മ വേറെയും ചില അബദ്ധങ്ങൾ കൂടി ചെയ്തിട്ടുണ്ട്

## IV ബ്രായ്ക്കറ്റിൽ നിന്നും ശരിയുത്തരം എടുത്തെഴുതുക.

**a)** വിപരീതപദമെഴുതുക **(2 X ½ = 1)**

1. നിബിഢം ( സ്മൃതി, നവീനം, ശൂന്യം, സങ്കീർണം )
2. ആത്മൻ ( അപരൻ, പരൻ, ജീവൻ, മനുഷ്യൻ )

**b)** അർത്ഥവ്യത്യാസമെഴുതുക **(2 X ½ = 1)**

1. വ്യസനം - വസനം ( ദുഃഖം, കഠിനം, മണം, വസ്ത്രം )
2. താര് - താരം ( പൊടി, രഥം, പൂവ്, നക്ഷത്രം )

**c)** എതിർലിംഗം എഴുതുക **(2 X ½ = 1)**

1. മുക്തൻ ( മുക്ത്യ, മുക്ത, അമുക്ത, മുക്തി )
2. അധീശ്വരി ( അധീശ, അധീശ്വര, അധീശ്യ, അധീശ്വരൻ )

## ഡി. വിഭാഗം

**V a)** ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം എടുത്തെഴുതുക **(10 X ½ = 5)**

1) അഹം ബുദ്ധിയുണ്ടാകുന്നത് എന്തുകൊണ്ട് ?

( അവിദ്യ മൂലം, ക്രോധം മൂലം , ദേഹം നിമിത്തം , മോഹം നിമിത്തം )

2) നിസ്സഹായന്റെ നിലവിളിയായി കഥാന്ത്യത്തിൽ അനുഭവപ്പെടുന്നതെന്ത് ?

( തൂക്കുകയർ, കൊമ്പുവിളി, ബലിച്ചോറ്, പൊതിച്ചോറ് )

3) യോഗദണ്ഡിൽ കുതിരയെ തളയ്ക്കുവാൻ വന്നതാര് ?

( വിശ്വവിജയികൾ, സംസ്കാരശില്പികൾ, ആഗമതത്ത്വവേദികൾ, കർഷകർ )

4) അശ്വത്ഥാമാവ് ചവുട്ടിക്കൊന്നതാരെ ?

( ഭീമനെ, സഹദേവനെ, ധൃഷ്ടദ്യുമ്നനെ, ദുശ്ശാസനനെ )

5) പ്രിയദർശനം എന്ന കവിത ഏത് കാവ്യത്തിൽ നിന്നെടുത്തതാണ് ?

(ലീല, കരുണ, ഒരുപ്രണയം, നളിനി )

**V b) 1)** ചൂതസായകനാര് ?

( അഗ്നിദേവൻ, സൂര്യദേവൻ , ഇന്ദ്രദേവൻ, കാമദേവൻ )

2) അമ്മയുടെ സ്മരണ ഇടയ്ക്കിടയ്ക്ക് മൂളുന്നത് എങ്ങനെ ?

(വിദേശഭാഷാജ്ഞാനമായി , ആദിമസംഗീതമായി, പ്രദർശനപരതയായി, ഭാവഗീതമായി )

3) തോരാമഴ ആരുടെ കൃതിയാണ് ?

(കുമാരനാശാന്റെ, റഫീക്ക് അഹമ്മദിന്റെ, വി. മധുസൂദനൻ നായരുടെ, എഴുത്തച്ഛന്റെ )

4) മകനാൽ പരിത്യക്തയായ വൃദ്ധസ്ത്രീയോട് എസ്.കെ.പൊറ്റെക്കാട്ടിന് തോന്നിയ വികാരമെന്ത് ?

(ദേഷ്യം, അവജ്ഞ, സഹതാപം, അപമാനം )

5) "എന്നും അയാളെന്നെ സിനിമയ്ക്കു കൊണ്ടു പോകാമെന്നു പറയും" ആര് ?

( പിർജാദെ, കുമാർമാമ, കച്ചവടക്കാരൻ, അമ്മാവൻ )

**VI.** i) <u>ഉത്തരമെഴുതുക</u> **(3 X 4 = 12)**

1. വെള്ളായിയപ്പൻ യാത്രപുറപ്പെട്ടപ്പോൾ വീട്ടിൽനിന്നും കൂട്ടനിലവിളി ഉയർന്നു കൂട്ടനിലവിളിക്ക് പ്രേരകമായത് എന്തെല്ലാമായിരിക്കും ? വിശദീകരിക്കുക
2. " ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ പച്ചമണ്ണിൻ മനുഷ്യത്വമാണ്ഞാൻ "
   ഈ വരികളിൽ തെളിയുന്ന കവിയുടെ കാഴ്ചപ്പാട് വിശദമാക്കുക
3. " ഓതുകിന്നഥവാ വൃഥാ ശുഭേ
   ഹേതുകേൾക്കുവതൊരർഥമെന്തിനോ നീ തുനിഞ്ഞു
   നിജകർമനീതരാ ഏതു മാർഗമിയലാ ശരീരികൾ "
   സന്ദർഭവും ആശയവും വിശദമാക്കുക

**VI.(ii)** **(3 X 4 = 12)**

1) 'മടയനായ മകൻ ' എന്ന പ്രയോഗം എത്രമാത്രം ഔചിത്യപൂർണമാണെന്ന് പരിശോധിക്കുക
2) "അമ്മ തന്നെയാണ് മാതൃഭാഷ" ഈ പ്രസ്താവന കവിതയിലെ ആശയങ്ങളോട് എത്രമാത്രം പൊരുത്തപ്പെട്ടിരിക്കുന്നു ? കുറിപ്പ് തയാറാക്കുക
3) ബന്ധുക്കളുടെ മധ്യത്തിൽ പ്രതാപത്തോടും ശ്രീയോടും കൂടി ഞെളിഞ്ഞിരിക്കുന്ന ദുര്യോധനൻ കാണിച്ച അഹങ്കാരത്തിലും സ്വപ്രത്യയസ്ഥൈര്യത്തിലും എതിരാളികളോടുള്ള അവജ്ഞയിലും മറ്റും ആദരണീയമായ ഒരംശമുണ്ടെന്ന് ആർക്കാനും തോന്നിയിരിക്കുമോ ? വിശദീകരിക്കുക

**VII.** <u>ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക</u> **(2 x 4 =8)**

1) സ്വാമികൾ ഏതെല്ലാം ശാസ്ത്രമേഖലകളിലാണ്പ്രധാനമായി വ്യാപരിച്ചിരുന്നത് ?
2) ചട്ടമ്പിസ്വാമികൾക്ക് വിദ്യാധിരാജൻ എന്ന പേര് ലഭിച്ചതെങ്ങനെ ?
3) ചട്ടമ്പിസ്വാമികളും വിവേകാനന്ദനും തമ്മിലുള്ള കൂടിക്കാഴ്ചയെക്കുറിച്ച് ഒരു ഖണ്ഡിക തയാറാക്കുക.